# വാലൻറയിൻ ദിനത്തിൽ ഒരു പ്രേമലേഖനം

സുധീർ പണിക്കവീട്ടിൽ

എല്ലാവരും പ്രണയ കത്തുകൾ എഴുതുമ്പോൾ നമ്മൾ മലയാളികൾ പ്രണയ ലേഖനങ്ങൾ എഴുതുന്നു. അത് മലയാളിയുടെ മാത്രം സ്വകാര്യതയാണ്. ഇപ്പോൾ അത് ചുരുക്കം വാക്കുകൾ ഉൾകൊള്ളുന്ന എസ്.എം.എസ് സന്ദേശങ്ങളായി മാറിപോയിട്ടുണ്ടെങ്കിലും പ്രണയ ദിനങ്ങളുടെ ഓർമ്മകൾ ആരെയാണു ഭാവലോലുപരാക്കതിരിക്കുന്നത്. കാലത്തിൻെറ തിരിച്ചലിൽപ്പെട്ട് ഇപ്പോൾ പ്രേമത്തിൻെറ സൗരഭ്യം കുറഞ്ഞതായി പഴയ തലമുറക്ക് തോന്നുന്നുണ്ടാകണം. അത് നമ്മൾ മനസ്സിലാക്കുന്നത് സാഹിത്യത്തിലൂടെയാണ്. സാഹിത്യം എല്ലാക്കാലത്തെയും മനുഷ്യ മനസ്സുകളുടെ ഒരു തെളിഞ്ഞ പ്രതിഫലനമാണ്. ശ്രുംഗാര രസ പ്രധാനമായ കവിതകൾ രചിച്ചവരിൽ കാളിദാസൻ, അമരു, ഭർത്രുഹരി എന്നിവർ മുന്നിലാണ്. കാൽപ്പനികതയും, കാവ്യാത്മകതയും കലർത്തി എഴുതുമ്പോൾ തന്നെ അവർ ഉദാത്തമായ പ്രേമത്തിൻെറ മുഗ്ദ്ധ ഭാവങ്ങൾക്ക് പ്രാധാന്യം നൽകി,. രാധാക്രുഷ്ണന്മാരുടെ പ്രണയം തമ്മിൽ തമ്മിൽ അറിയിക്കാൻ ജയദേവ കവി ഒരു സഖിയെ ഏർപ്പാടക്കിയിരുന്നു. ഈ സഖി ഒരു പ്രേമലേഖനത്തിൻെറ മൂർത്തിഭാവമാണു..




പ്രേമലേഖനങ്ങൾ ഒരു കാലത്ത് സാഹിത്യത്തെ പരിപോഷിപ്പിച്ചിരുന്നു. അനുരാഗതുടിപ്പുള്ള വാക്കുകളിൽ അണിയിച്ച് വിട്ടിരുന്ന പ്രണയ ലേഖനങ്ങൾ കമിതാക്കളെ കോരിതരിപ്പിക്കുകയും അത് വായിക്കാനവസരം കിട്ടിയവരെ ആനന്ദിപ്പിക്കുകയും ചെയ്തു.. പ്രേമലേഖനം ഈ ലോകത്തിൽ ആദ്യം എവിടെ എഴുതപ്പെട്ടു? ചോദ്യം തീരുന്നതിനുമുമ്പ് ഭാരതീയർ കൈ പൊക്കുന്നു. ഭഗവാൻ ക്രുഷ്ണനു രുഗ്മണി എഴുതിയ കത്താണു ലോകത്തിലെ ആദ്യത്തെ പ്രേമലേഖനമെന്നു ഭാരതീയർ വിശ്വസിക്കുന്നു. എന്നാൽ അക്ഷരങ്ങളുടെ സൂത്രം ആദ്യം കണ്ടു പിടിച്ച സുമേരിയക്കരുടെതാണു ആദ്യത്തെ പ്രേമലേഖനമെന്നു

തെളിവ് സഹിതം ഇസ്റ്റമ്പൂളിലെ (ടർക്കി) മ്യൂസിയം അവകാശമുന്നയിക്കുന്നു. നമുക്ക് ഭാർതീയർക്ക് രുഗ്മണി എഴുതിയ കത്ത് പ്രഥമ പ്രണയലേഖനമായി എടുക്കാം.അത് ഒരു പക്ഷെ കവി ഭാവനയാകാം. കെട്ട് കഥയാകം. വിശ്വാസികൾക്ക് അത് ദേവതുല്യമായ പുണ്യലിഖിതമാകാം.എന്തുമാകട്ടെ, നമുക്ക് ആ കത്ത് ഒന്നു ഒളിഞ്ഞ് വായിക്കം. അത് ഒരു സുഖമല്ലേ. മഞ്ഞണി പൂനിലാവിൽ യുവ ഹ്രുദ്യങ്ങൾ മധുര സങ്കൽപ്പങ്ങളുടെ വർണ്ണ തേരിൽ മേഘശകലങ്ങൾ പോലെ പാറി നടക്കുമ്പോൾ സഹസ്രാബ്ദങ്ങൾക്കു മുമ്പ് ഒരു കന്യകയുടെ മനസ്സിൽ ഊറിയ അനുരാഗം എങ്ങനെ വാക്കുകളായി എന്ന് അന്വേഷിച്ച് അതാസ്വദിക്കാം.

കത്തുകൾ എഴുതുന്നത് പുരാതന ഭാരത സംസ്കാരത്തിൻെറ ഒരു ഭാഗമായിരുന്നു. താമരയിതളിൽ കണ്വാശ്രമത്തിലെ മുനി കന്യക പ്രിയനു പ്രണയകത്ത് എഴുതി. വെൺചന്ദനത്തിൻെറ ഇലകളിൽ ഉർവ്വസി പുരൂരവസ്സിനു കത്തെഴുതി വച്ച് സ്വർഗത്തിലേക്ക് പോയെങ്കിലും മനസ്സ് ഭൂമിയിലായത്കൊണ്ട്, സ്വർഗ്ഗത്തിലെ നാടകത്തിൽ പങ്കെടുക്കുമ്പോൾ പറയേണ്ട സംഭാഷണത്തിനു പകരം പുരൂരവസ്സിൻെറ പേരുച്ചരിച്ച് നാടകം അലങ്കോലമാക്കി.. കത്തെഴുതികൊണ്ടിരിക്കുന്ന ഒരു സുന്ദരിയുടെ മനോഹരമായ ശിൽപ്പം ഖജുറവോയിലെ അമ്പലത്തിൽ ഉണ്ട്.. ഷേക്സ്പിയരുടെ ട്വൽ ത്ത് നൈറ്റ് എന്ന നാടകത്തിലെ കഥപാത്രം വയോലയെപ്പറ്റി നാടകക്രുത്ത് പറയുന്നു.. അവൾ അവളുടെ പ്രേമം അറിയിച്ചില്ല, എന്നാൽ ആ രഹസ്യം പൂമ്മൊട്ടിലെ കീടം പോലെ അവളെ കാർന്ന് തിന്നാൻ തുടങ്ങി. അതവളുടെ അഴകിനെ ബാധിച്ചു. അവൾ വിഷാദ മൂകയായി. അവൾ കൊതിച്ചിരുന്നു. വേദനയിലും പുഞ്ചിരി തൂകി ക്ഷമയോടെ അവനു വേണ്ടി അവൾ കാത്തിരുന്നു.. പ്രകടിപ്പിക്കാൻ കഴിയാതിരുന്നാൽ പ്രേമത്തിനെന്തു പ്രസക്തി. സമ്പൂതമപ്രേമ സിദ്ധിക്കവേണ്ടി ഞാൻ പച്ചില കുമ്പിളിൽ പിച്ച തെണ്ടാം എന്നൊക്കെ ഒരു കഥാനായിക പറഞ്ഞതു മലയാളി വായനക്കാർ ഓർമ്മിക്കുന്നുണ്ടാകും. മുന്തിരിച്ചാറ് പോലുള്ള ജീവിതമാസ്വദിക്കാൻ അവൾ തന്നെ ആ പച്ചില കുമ്പിൾ ദൂരെ കളഞ്ഞതും നമ്മൾ കണ്ടു. പ്രേമാർദ്ര ലോലരായാൽ കുമാരിമാർ എന്തൊക്കെ ചെയ്യില്ല.

അത് കൊണ്ട് രുഗ്മണി കത്തെഴുതാൻ സാധ്യതയുണ്ടെന്ന് നമുക്ക് അനുമാനിക്കം. പ്രേമത്തിൻെറ ഇന്ദ്രജാലകാരനായ ഗോപാലക്രുഷ്ണനെ മനസ്സിൽ കൊണ്ട് നടന്ന് പ്രണയ ജ്വരം പിടിപ്പെട്ട് ഉണ്ണാനും ഉറങ്ങാനും കഴിയാതെ വശംകെട്ട രുഗ്മണി ക്ക് മാതാ ഭവാനിയുടെ ക്ഷേത്രത്തിൽ തൊഴുത് നിൽക്കുമ്പോളാണു ക്രുഷ്ണനു കത്തെഴുതുക എന്നാശയം ജനിക്കുന്നത്. ഉടനെ അവിടെ കണ്ട അഷ്ടഗന്ധത്തിൽ മോതിര വിരൽ മുക്കി (ചന്ദനം, കർപ്പൂരം, കസ്തൂരി, കുങ്കുമം തുടങ്ങി മറ്റ് ഔഷധികൾ ചേർത്തുണ്ടാക്കുന്ന ഒരു കുഴമ്പ് – ഇത് ശിവക്ഷേത്രങ്ങളിൽ പ്രധാനമാണ്) താമരയിതളിൽ അവളുടെ മനോവികാരങ്ങൾ കുറിച്ചിട്ട് അത് വിശ്വസ്തനായ സുദേവ് ഭട്ട് എന്ന ബ്രാഹ്മണൻ വശം കൊടുത്തയ്ച്ചു. അങ്ങനെ വിദർഭ രാജകുമാരി രുഗ്മണിയുടെ വാലൻറയിൻ കത്ത് സുദേവ് എന്ന ബ്രാഹ്മണൻെറ തലെകെട്ടിൽ ഇരുന്ന് ദ്വാരകപുരിയിലേക്ക് സഞ്ചരിച്ചു,

.രുഗ്മണിയുടെ കത്തിലെ ചില ഭാഗങ്ങൾ വായിക്കാം. ആദ്യമായി ക്രുഷ്ണനെ ഭുവന സുന്ദരൻ, (ലോകൈക സുന്ദരൻ) എന്നും മുകുന്ദൻ (മുല്ലപൂവിൻെറ പ്രകാശം പരത്തുന്ന മുഖത്തോടു കൂടിയവൻ) എന്നൊക്കെ സംബോധന ചെയ്തീട്ടുണ്ട്.. അദ്ദേഹത്തിൻെറ സൗന്ദര്യം അവരെ സദാ വലച്ച്കൊണ്ടിരിക്കുന്നുവെന്നും തുറന്നെഴുതുന്നു. ശ്രീകുമാരൻ തമ്പിയുടെ വരികൾ കടമെടുത്ത് പറയാം. കൺകളിൽ പൂവ്വിടും വെണ്ണിലാവോടവൻ വേണുവുമൂതുന്നു, മനോ വെണ്ണ കവരുന്നു, ക്രുഷ്ണനെ അവർ മനസ്സാ വരിച്ചുവെന്നും അതിനാൽ താമരക്കണ്ണനായ കണ്ണൻ അവരെ വിവാഹം ചെയ്യണമെന്നുംഅഭ്യർഥിക്കുന്നു. അവരുടെ വിവാഹം വീട്ടുക്കാർ ശിശുപാലൻ എന്ന ഒരു രാജാവുമായി ഉറപ്പിച്ചുവെന്നും അത്കൊണ്ട് എത്രയും വേഗം വന്നു അവരെ കൂട്ടികൊണ്ട്പോകണമെന്നു എഴുതുന്നു. ശിശുപാലനെ അവർക്കിഷ്ടമല്ല. അതുകൊണ്ട് അയാളെ ഒരു കുറുക്കനായി ഉപമിച്ചിട്ടുണ്ട്. സിംഹത്തിനുള്ള ഓഹരിയിൽ ഒരു കുറുക്കൻ ഒരിക്കലും തൊടരുതെന്ന്. വിവാഹ ചടങ്ങിനോടനുബന്ധിച്ച് അവർ ക്ഷേത്ര ദർശനത്തിനു പോകുമ്പോൾ അവിടെ നിന്നും അവളെ തട്ടിക്കൊണ്ട് പോയി വിവാഹം കഴിക്കണമെന്നും സൂചിപ്പിച്ചിട്ടുണ്ട്. ക്രുഷ്ണൻ പ്രേമാഭ്യർഥന സ്വീകരിച്ച് രുഗ്മണിയെ വിവാഹം കഴിച്ചു.

മനുഷ്യ വികാരങ്ങൾക്ക് ഒമ്പത് രസങ്ങൾ ഉള്ളതായി ഭാരതീയ സൗന്ദര്യശാസ്ത്രം സിദ്ധാന്തിക്കുന്നു. അവ, ശ്രംഗാരം, കരുണം, അത്ഭുതം, ശാന്തം, ഹാസ്യം, വീരം, ഭയം, ഭീഭത്സം, രൗദ്രം ഇങ്ങനെയാണു. രസമില്ലായ്മയിൽ നിന്നും ആരംഭിക്കുന്ന ജീവിതം കാലത്തിൻെറ ഓരോ ഘട്ടങ്ങളിൽ ഒമ്പത് രസങ്ങളിലൂടെ കടന്നുപോകുന്നു. ഇവയിൽ ഏറ്റവും പ്രധാനം ശ്രംഗാര രസമാണു്. ഇതിനെ രസങ്ങളുടെ രാജാവായി കണക്കാക്കുന്നു. ഋഗ്വേദം പുസ്തകം പത്ത് സ്തോത്രം 129 (സ്രുഷ്ടി) പറയുന്നത് ആദിയിൽ ആഗ്രഹമുണ്ടായിയെന്നാണു. അത് ആദിമ ബീജമായി മനസ്സിൽ കിടന്ന് മുളച്ചു. ആ ആഗ്രഹം കാമമായിരുന്നു, തന്മൂലം അത് മനസ്സിലെ വാസനകളുടെ കടിഞ്ഞാൺ പൊട്ടിച്ച്കൊണ്ടിരുന്നു. വാലൻറയിൻ ദിനത്തിൽ നിറഞ്ഞൊഴുകുന്ന രസവും ശ്രുംഗാരം തന്നെ. ക്രുത്യ്വിലോപത്തിനു ശിക്ഷിക്കപ്പെട്ട ,പ്രണയിനെ പിരിഞ്ഞിരിക്കുന്ന യക്ഷൻ ആന തുമ്പികൈ നീട്ടുന്ന പൊലെ ഒരു മേഘത്തെ കണ്ടപ്പോൾ പ്രണയപരവശനായി അവൾക്ക് ഒരു സന്ദേശം കൊടുതു വിടുന്നു.. ആ സ്നദേശം ഒരു ഉൽക്രുഷ്ട ക്രുതിയായി. ശ്രുംഗാര രസം കവികളെകൊണ്ട് എത്രയോ മനോഹരമായ കാവ്യങ്ങൾ സ്രുഷ്ടിപ്പിച്ചു, വാലൻറയിൻ പോലുള്ള ആഘോഷങ്ങളിലൂടെ വീണ്ടും പഴയ കാല പ്രണയ കവിതകൾ രചിക്കപ്പെടാം. പ്രേമം ഹ്രുദയത്തിൽ ഊറി കൂടുമ്പോൾ ഭാവന ചിറകു വിരിച്ച് പറക്കുന്നു. അപ്പോൾ പിറന്ന് വീഴുന്ന ചിന്തകൾക്ക് മാധുര്യമേറുന്നു. ഒരു കൊക്കു താമരയിതളിൽ ഇരിക്കുന്നത് കണ്ട് ഒരു കവി പാടി (സംസ്ക്രുതത്തിൽ നിന്ന്) ഃ ഒരു മരതക താലത്തിൽ ശംഖ് ഇരിക്കുന്ന പോലെയെന്നു. നമുക്ക് എപ്പോൾ കാണമെന്ന് കാമുകൻ ചോദിക്കുന്നു. ചുറ്റും ആളുകൾ ഉള്ളത് കൊണ്ട് അവൾക്ക് മറുപടി പറയാൻ കഴിയുന്നില്ല. അത്കൊണ്ട് മറ്റാരും കാണാതെ അവൾ ഒരു താമരയില മടക്കി കാണിക്കുന്നു. സൂര്യൻ അസ്തമിക്കുമ്പോൾ താമര കൂമ്പുന്നു. അപ്പോൾ കാണാമെന്നു വിവക്ഷ..

’മാമ്പൂക്കൾ വിരിയുമ്പോൾ, കുയിലുകൾ പഞ്ചമം പാടുമ്പോൾ, പൂമ്പൊടി പാറിച്ച്കൊണ്ട് തേനുണ്ടു മത്തരായ കരിവണ്ടുകൾ ആർക്കുമ്പോൾ കാമദേവൻ ആരും കാണാതെ പ്രേമാർദ്രമായ ഹ്രുദയങ്ങളെ തൻെറ വില്ലു കുലച്ച് കൊണ്ട് ഉന്നം വക്കുന്നു.’ എല്ലാവർക്കും നിത്യ യൗവ്വനവും നിറയെ പ്രേമവും നേരുന്നു. എല്ലാവർക്കും എന്നും വാലൻറയിൻ ദിനമാകട്ടെ, എന്നാശംസിക്കുന്നു..

ശുഭം